"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറായിരുന്ന ശ്രീമതി ഉമ ടി.എൻ.- നെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.885/2026/LSGD തീയതി,തിരുവനന്തപുരം, 17-04-2026

---

പരാമർശം:-
1. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ്എഞ്ചിനിയറുടെ 09.08.2021-ലെ ഇ15/6778/20/സി.ഇ/തസഭവ നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ (EWA) വകുപ്പിൽ നിന്നുള്ള 07.02.2022-ലെ 244/EWA4/21/തസ്വഭവ നമ്പർ കുറ്റപത്രം /കുറ്റാരോപണ പത്രിക.
3. ശ്രീമതി ഉമ റ്റി.എൻ. സമർപ്പിച്ച 23.06.22-ലെ പ്രതിവാദപത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.05.2025-ലെ LSGD/PD/2698/2023-VIGC6 നമ്പർ കത്ത്.
5. GO(Rt) No.1473/2025/LSGD dtd 16-06-2025.
6. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച 12.08.2025-ലെ LSGD/PKDBP/AEE/E1/2025/200/(8) നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

എലവഞ്ചേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീമതി ഉമ റ്റി.എൻ., പഞ്ചായത്ത് അംഗങ്ങളോടും ഗ്രാമപഞ്ചായത്തിലെ ജീവനക്കാരോടും വളരെ മോശമായാണ് പെരുമാറാറുള്ളതെന്നും, 2019-20 സാമ്പത്തിക വർഷത്തെ ഭൂരിഭാഗം പ്രവൃത്തികളും പൂർത്തീകരിക്കാത്തതിനാൽ സ്പിൽ ഓവർ ആയിട്ടുണ്ടെന്നും ടിയാരിക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാതി സമർപ്പിച്ചിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് "മെമ്മോ" നൽകിയിരുന്നുവെന്നും ആയതിന് ടിയാൾ സമർപ്പിച്ച മറുപടിയിന്മേൽ പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ, ശ്രീമതി ഉമ റ്റി.എൻ. അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ച കാലയളവിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കുറ്റകരമായ അനാസ്ഥയുണ്ടെന്ന് കണ്ടെത്തി എന്നും ടിയാൾക്കെതിരെ KCS(CC&A) ചട്ടങ്ങൾ 1960 ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം 1 മുഖേന അറിയിച്ചു. ശ്രീമതി ഉമ റ്റി.എൻ., അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് ഗുരുതര വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ സർക്കാർ ടിയാൾക്കെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം

15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം പരാമർശം (2) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് അസിസ്റ്റന്റ് എൻജിനിയർ ശ്രീമതി ഉമ ടി.എൻ. പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ 2019-2020 സാമ്പത്തിക വർഷത്തിലെ പൂർണമായും, ഭാഗികമായും പൂർത്തീകരിച്ച 101 പ്രവർത്തികളിൽ 90 ബില്ലുകളും സമയബന്ധിതമായി ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ കോവിഡ് വന്നതുമൂലമുള്ള ലോക്ക് ഡൌൺ ട്രഷറിയിലെ ബില്ലുകൾ മാറുന്നതിനു തടസ്സമായിയെന്നും കോവിഡ് വന്നില്ലായിരുന്നെങ്കിൽ 90 പ്രവൃത്തികൾ മാത്രം കണക്കാക്കുമ്പോൾ ട്രഷറിയിൽ സമർപ്പിച്ച 26 ബില്ലുകളും, ക്യൂവിൽ 36 ബില്ലുകളും ചേർത്താൽ ടിയാൾ 62 പ്രവൃത്തികൾ (62/90=68.89%) പൂർത്തീകരിച്ചിട്ടുള്ളതാണെന്നും അസിസ്റ്റന്റ് എൻജിനിയർ ശ്രീ.അനൂപ് ട്രഷറിയിൽ സമർപ്പിച്ചതും, ബിൽ തയ്യാറാക്കിയതും ചേർത്താണ് 18.49% കണക്കാക്കിയിട്ടുള്ളതെന്നും എന്നാൽ കോവിഡ് പ്രതിസന്ധിയിലും ട്രഷറിയിൽ സമർപ്പിച്ച ബില്ലിൽ 62 പ്രവൃത്തികൾ പൂർണമായും പൂർത്തീകരിച്ചുവെന്നും 2020 മാർച്ച് 31-നു മുൻപ് തന്നെ ട്രഷറിയിൽ നൽകിയിട്ടും പേയ്മെന്റ് ആവാതിരുന്നത് സർക്കാർ ഉത്തരവ് പ്രകാരം 2020 ഫെബ്രുവരി മാസം മുതലുള്ള ബില്ലുകൾ ക്യൂവിൽ ആയതിനാലാണെന്നും ആയതു ട്രഷറി ബിൽ ബുക്ക് പരിശോധിച്ചാൽ അറിയാവുന്നതാണെന്നും നിയമാനുസൃതമായ എല്ലാ ബില്ലുകളും യഥാസമയം ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും 2020-21 വർഷത്തെ പദ്ധതികളുടെ ട്രഷറിയിൽ സമർപ്പിച്ചതും പൂർത്തീകരിച്ചതുമായ പ്രവർത്തികളുടെ ആകെ ചെലവ് കണക്കാക്കുമ്പോൾ ശരാശരി 71.73% ചെലവഴിച്ചിട്ടുള്ളതാണെന്നും എലവഞ്ചേരി പഞ്ചായത്ത് പാലക്കാട് ജില്ലയിൽ 27ാം (88.2%) സ്ഥാനത്തും, സംസ്ഥാനത്ത് 282-ാം സ്ഥാനത്തുമാണെന്നും കോവിഡ് പ്രതിസന്ധിയിലും ആകെ ചെലവിന്റെ 11.8% കുറവ് മാത്രമാണ് വന്നിട്ടുള്ളതെന്നും ലോക്ക് ഡൗൺ കാലത്ത് കേന്ദ്ര-സംസ്ഥാന സർക്കാർ നിർദേശങ്ങൾ വ്യക്തമായി പാലിക്കുകയും 2020-21-ലെ മുഴുവൻ പദ്ധതികളും ഡാറ്റ എൻട്രി ചെയ്തു DPC അംഗീകാരത്തിന് സമർപ്പിക്കുകയും ഓഫീസിലെ മറ്റു ചുമതലകൾക്കു വീഴ്ച വരുത്താതെയും, വീട്ടിലിരുന്നും ഓഫീസിലുമായി നിയമാനുസൃതം പൂർത്തീകരിച്ചതും അളവെടുത്തതുമായ 2019-20-ലെ എല്ലാ പ്രവൃത്തികളും ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കൽ സമയബന്ധിതമായി തന്നെ ചെയ്തിട്ടുണ്ടെന്നും പ്രസിഡന്റിനോടോ, പഞ്ചായത്ത് അംഗങ്ങളോടോ, ഉദ്യോഗസ്ഥരോടോ, പൊതുജനങ്ങളോടോ മോശമായി പെരുമാറിയിട്ടില്ലെന്നും പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലായെന്നും ടിയാൾ അറിയിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ ആക്ഷേപത്തിൽ ഉൾപ്പെട്ട പ്രവർത്തികളിൽ 6 പ്രവർത്തികളുടെ M.Book നഷ്ടപ്പെട്ടതിനാലും, കരാറുകാരൻ അളവുകൾ അംഗീകരിക്കാത്തതിനാലും ടി വിഷയം വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 02.06.2022-ലെ യോഗ തീരുമാനം 2.4 നടപടികളിലെ ഖണ്ഡിക 4.13 പ്രകാരം 10.01.2024-ൽ എം.ബുക്ക് write-off ചെയ്തു ഉത്തരവാകുകയും തുടർന്ന് ഗവ.എഞ്ചിനീയറിംഗ് കോളേജിന്റെ സഹായത്തോടെ വാല്യൂവേഷൻ തയ്യാറാക്കി ബന്ധപ്പെട്ട അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർ എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്തി 5 പ്രവൃത്തികളുടെ ബിൽ തുക അനുവദിച്ചതായും മൊടക്കോട് ഇടവഴി കോൺക്രീറ്റിംഗ് എന്ന

പ്രവൃത്തിയുടെ റോഡിൽ, ജൽജീവൻ പദ്ധതിയുടെ ഭാഗമായി റോഡ് കട്ട് ചെയ്ത് പോയതിനാൽ വാല്യൂവേഷൻ എടുക്കാനോ, ബിൽതുക അനുവദിക്കാനോ സാധിക്കാതെ തൽസ്ഥിതിയിൽ തുടരുന്നുവെന്നും ബാക്കിയുള്ള 5 പ്രവൃത്തികളിൽ, ഒരു പ്രവൃത്തി ശ്രീമതി ഉമ ടി.എൻ. ചുമതല എടുക്കുന്നതിന് മുൻപ് തന്നെ പൂർത്തീകരിക്കുകയും ഫണ്ട് ലഭ്യമായ മുറയ്ക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും 4 പ്രവൃത്തികൾ 2020 മാർച്ച് മാസത്തിനു ശേഷം പൂർത്തീകരിച്ച് ബിൽ തുക അനുവദിച്ചതായും ടി പ്രവൃത്തികളുടെ എം.ബുക്കും, ബില്ലും പഞ്ചായത്തിൽ സമർപ്പിക്കാൻ കാലതാമസം നേരിട്ടതായും ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പാർട്ട് ബിൽ അനുവദിക്കുക എന്നുള്ളത് ഓരോ പ്രവൃത്തിയുടെയും സ്വഭാവം മനസ്സിലാക്കി ആയതിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന്റെ സാധ്യത കൂടി പഠിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വിവേചനാധികാരം ഉപയോഗിച്ച് മാത്രം ചെയ്യേണ്ടതാകയാൽ ആയത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി പരിഗണിക്കുവാൻ സാധിക്കുകയില്ലയെന്നും എന്നാൽ ശ്രീമതി ഉമ ടി.എൻ.-ന്റെ പെരുമാറ്റവുമായി ബന്ധപ്പെട്ട് ടിയാരിയുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായിട്ടുള്ളതായും ടിയാൾ അസിസ്റ്റന്റ് എഞ്ചിനീയറായി ചുമതലയേറ്റ 01.08.2019 മുതൽ 2019-20 സാമ്പത്തിക വർഷാവസാനം വരെയുള്ള കാലയളവിൽ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ 2020 ഫെബ്രുവരി മാസം മുതൽ നിലവിൽ വന്ന കോവിഡ് ലോക്ക് ഡൗൺ സാഹചര്യം കൂടി പരിഗണിച്ച് സാധ്യമായ നടപടികൾ സ്വീകരിച്ചതായും മന:പൂർവ്വമായ വീഴ്ച ടിയാൾ വരുത്തിയിട്ടില്ലയെന്നും ഒരു ഓഫീസ് അധികാരി എന്ന നിലയിൽ സഹപ്രവർത്തകരെയും, ജനപ്രതിനിധികളെയും കൂട്ടി നിർത്തി സുഗമവും സുതാര്യവുമായ നിലയിൽ ഓഫീസ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോവാൻ ടിയാൾക്ക് സാധിക്കാത്തത് മൂലമാണ് പരാതിക്കിടയായ സാഹചര്യം ഉണ്ടായതെന്നും മേൽ വിഷയത്തിൽ കരാറുകാർക്ക് ബില്ലുകളുടെ പെയ്മെന്റ് സാങ്കേതികമായ കാരണങ്ങളാലും, കോവിഡ് മഹാമാരി കാരണവും വൈകി എന്നതൊഴിച്ച് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലയെന്നും ഈ വിഷയത്തിലെ അച്ചടക്ക നടപടി ഒഴികെ ടിയാൾക്കെതിരെ മറ്റ് അച്ചടക്ക നടപടിയൊന്നും നിലവിലില്ലയെന്നും അഭിപ്രായപ്പെട്ടു.

നടപടി ക്രമങ്ങളുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം പരാമർശം (5) പ്രകാരം ചുമതലപ്പെടുത്തിയ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച പരാമർശം ( 6 ) റിപ്പോർട്ടിൽ സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തികവർഷത്തിലെ Expenditure Report പ്രകാരം, അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥയായിട്ടുള്ള 81 പുതിയ പ്രൊജക്ടുകളും, 38 സ്പിൽ ഓവർ പ്രൊജക്ടുകളും അടക്കം മൊത്തം 119 പ്രൊജക്ടുകളാണ് ഉണ്ടായിരുന്നതെന്നും ഇതിൽ 51 പ്രൊജക്ടുകൾക്ക് (New Projects-19, Spill Over-32) ടി സാമ്പത്തിക വർഷത്തിൽ തന്നെ ശ്രീമതി ഉമ ടി.എൻ തുക ചെലവഴിച്ചിട്ടുണ്ടെന്നും ആയതുപ്രകാരം പ്രസ്തുത സാമ്പത്തിക വർഷത്തെ ഒട്ടാകെയുള്ള ചെലവ് ശതമാനം 33.19% ആണെന്നും ആയതിൽ മുൻ അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ.അനൂപ് കെ.എം. 32 സ്പിൽ ഓവർ ബില്ലുകളാണ് ട്രഷറിയിൽ പേമെന്റിനായി നൽകിയിട്ടുള്ളതെന്നും കൂടാതെ ശ്രീമതി ഉമ ടി.എൻ. സമർപ്പിച്ച 10 സ്പിൽ ഓവർ ബില്ലുകളിൽ 6 എണ്ണം (4 എണ്ണം അസി.എഞ്ചിനീയർ ശ്രീ.അനൂപ് കെ.എം. തയ്യാറാക്കിയതും, രണ്ടെണ്ണം ഓവർസീയർമാർ അളവുകൾ രേഖപ്പെടുത്തി

അസി.എഞ്ചിനീയർ ശ്രീ.അനൂപ് കെ.എം. തയ്യാറാക്കിയതും), ബാക്കി 4 എണ്ണം ശ്രീമതി ഉമ ടി.എൻ. തയ്യാറാക്കിയതാണെന്നും കൂടാതെ മേൽ പ്രതിപാദിച്ച 19 പുതിയ പ്രൊജക്ടുകളും (29 എണ്ണം) ശ്രീമതി ഉമ ടി.എൻ. ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും ടി ഉദ്യോഗസ്ഥയുടെ ചെലവ് 14.7% ഉം, ശ്രീ.അനൂപ് കെ.എം. -ന്റെ ചെലവ് 18.49 % ആണെന്നും കൂടാതെ ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ നിന്നും 2020 മാർച്ച് 31-നുള്ളിൽ 90 ബിൽ ശ്രീമതി ഉമ ടി.എൻ. (പൂർത്തീകരിച്ചതും, ഭാഗികമായി പൂർത്തീകരിച്ചതും ഉൾപ്പടെ) സമർപ്പിച്ചതിൽ 39 ബില്ലുകൾ ട്രഷറി ക്യൂ ബിൽ സിസ്റ്റത്തിലേക്ക് മാറിയതായും ആയതിന്റെ ചെലവ് തുക 77,60,194/- രൂപയാണ് (29.75%) എന്നും ഈ 39 ബില്ലുകളും പാർട്ട് ബിൽ നൽകിയ മറ്റ് പദ്ധതികളും പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രവൃത്തികളുമടക്കം 74 പദ്ധതികൾ 2020-21 സാമ്പത്തിക വർഷത്തിലേക്ക് സ്പിൽ ഓവറായി മാറിയിട്ടുണ്ട് എന്നും 2019-20 സാമ്പത്തിക വർഷത്തിൽ ആകെ സമർപ്പിച്ച 90 ബില്ലുകളിൽ, (29 ബില്ലുകളും, ക്യൂ ബിൽ സിസ്റ്റത്തിലേക്ക് മാറിയ 39 ബില്ലുകളും ചേർത്ത്) ആകെ 68 ബില്ലുകളാണ് ശ്രീമതി ഉമ ടി.എൻ. ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതെന്നും 2019-20 സാമ്പത്തിക വർഷത്തിൽ ആകെ (പൂർണ്ണമായും, ഭാഗികമായും) പൂർത്തീകരിച്ച 11 ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിട്ടില്ലയെന്നും ആക്ഷേപത്തിൽ ഉൾപ്പെട്ട ടി 11 പ്രവൃത്തികളിൽ 5 പ്രവർത്തികളുടെ എം.ബുക്ക് നഷ്ടപ്പെട്ടു എന്ന വിവരം ടി ഉദ്യോഗസ്ഥ മൊഴി നൽകിയിട്ടുണ്ടെന്നും തുടർന്ന് ഈ വിഷയം പഞ്ചായത്ത് ഭരണസമിതി മുഖേന തീരുമാനം എടുത്ത്, വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 02.06.2022-ലെ യോഗ തീരുമാനം 2.4 നടപടികളിലെ ഖണ്ഡിക 4.13 പ്രകാരം 10.01.2024 തീയതിയിൽ എം.ബുക്ക് write off ചെയ്ത് ഉത്തരവാകുകയും, തുടർന്ന് ഗവ.എഞ്ചിനീയറിംഗ് കോളേജ് സഹായത്തോടെ വാല്യുവേഷൻ തയ്യാറാക്കി, ടി ഉദ്യോഗസ്ഥയ്ക്ക് ശേഷം ചാർജ്ജ് എടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്തി 4 പ്രവർത്തികളുടെ ബിൽ തുക തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ അനുവദിച്ചതായും ആയതിൽ മുടക്കോട്-ഇടവഴി കോൺക്രീറ്റ് എന്ന പ്രവൃത്തിയിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റോഡ് കട്ട് ചെയ്തു പോയതിനാൽ വാല്യുവേഷൻ എടുക്കുന്നതിനോ ബിൽ തുക അനുവദിക്കുവാനോ സാധിക്കാതെ തൽസ്ഥിതിയിൽ തുടരുന്നുവെന്നും ബാക്കി ബിൽ സമർപ്പിക്കാത്ത 6 പ്രവൃത്തികളിൽ കണക്കൻകാട് അംഗണവാടി എന്ന ഒരു പ്രവൃത്തി 2019-20 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചുവെങ്കിലും, ഫയൽ നടപടികൾ പൂർത്തീകരിച്ച് ടി ഉദ്യോഗസ്ഥയ്ക്ക് ഫയൽ കൈമാറി ലഭിക്കുന്നതിന് താമസം നേരിട്ടതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ ബിൽ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ലയെന്നും തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം ഫയൽ നടപടിക്രമങ്ങൾ അന്തിമമാക്കി 2022 വർഷത്തിൽ ഈ പ്രവൃത്തിയ്ക്ക് ബിൽ തുക അനുവദിച്ചതായും ബാക്കി 5 പ്രവൃത്തികൾക്കും 2020 മാർച്ച് മാസത്തിനുശേഷമാണ് എം.ബുക്കിൽ അളവുകൾ അന്തിമമാക്കി കാണുന്നതെന്നും തുടർന്ന് 2020-21-ൽ സ്പിൽ ഓവർ അംഗീകരിച്ചതിനുശേഷം ഈ പ്രവൃത്തികൾക്ക് ബിൽ തുക അനുവദിച്ചിട്ടുണ്ടെന്നും ഈ 5 പ്രവൃത്തികളുടെ എം.ബുക്ക് മുൻ അസി.എഞ്ചിനീയറിൽ നിന്നും കൈമാറി കിട്ടുന്നതിന് കാലതാമസം എടുത്തതിനാലാണ് ബിൽ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാതെ പോയതെന്നും കൂടാതെ 2019-20 സാമ്പത്തികവർഷത്തിലെ വട്ടേക്കാട് ജി.യു.പി സ്കൂൾ തുറന്ന കിണർ എന്ന പ്രവർത്തിയുടെ

അളവുകൾ ശ്രീമതി ഉമ ടി.എൻ. എം.ബുക്കിൽ രേഖപ്പെടുത്തിയിരുന്നുവെങ്കിലും, അക്കാലയളവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തിയതായി കാണുന്നില്ലയെന്നും തുടർന്ന് ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം നടത്തിയ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ശേഷം ചാർജ്ജ് ഏറ്റെടുത്ത അസിസ്റ്റൻറ് എഞ്ചിനീയർ ബിൽ തുക അനുവദിച്ചതായി കാണുന്നുവെന്നും 2019-20 സാമ്പത്തികവർഷം ഉൾപ്പെട്ട ആകെ 119 പ്രവൃത്തികളിൽ 36 സ്പിൽ ഓവർ പ്രവൃത്തികളും, 54 പുതിയ പ്രവൃത്തികളും പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട് എന്നും 2 സ്പിൽ ഓവർ പ്രവൃത്തികളും, 8 പുതിയ പ്രവൃത്തികളും ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട് എന്നും കോവിഡ് മഹാമാരിയും, അതിനെതുടർന്ന് സംജാതമായ ട്രഷറി നിയന്ത്രണവും, പദ്ധതി നിർവ്വഹണം നടത്തുന്നതിനും, ട്രഷറി ബില്ലുകൾ മാറുന്നതിനുള്ള കാലതാമസത്തിനും ഇടവരുത്തിയെന്നും കൂടാതെ മുൻ അസി.എഞ്ചിനീയർ യഥാസമയം അളവുകൾ രേഖപ്പെടുത്തി എം.ബുക്ക് കൈമാറുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസവും പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടെന്നും നിയമാനുസൃതമായതും, പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരവും സർക്കാർ ഉത്തരവുകളും പാലിച്ചുകൊണ്ട് സമയബന്ധിതമായി കൃത്യനിർവ്വഹണം നടത്തിയിട്ടുണ്ടെന്നും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും, കാലതാമസം വരുത്താതെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഭരണസമിതിയുമായി രമ്യതയിൽ പ്രവൃത്തിക്കുന്നതിനും, ടിയാരിയ്ക്ക് സാധിക്കാതെ പോയതുകൊണ്ടാണ് പരാതിയ്ക്ക് ഇടയായ സാഹചര്യം സംജാതമായതെന്നും മേൽ വിഷയത്തിൽ കരാറുകാരുടെ ബിൽ പേമെന്റിൽ സാങ്കേതികമായ കാരണങ്ങളാലും, കോവിഡ് മഹാമാരി കാരണവും കാലതാമസം ഉണ്ടായി എന്നതൊഴിച്ചാൽ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലയെന്നും റിപ്പോർട്ട് ചെയ്തു.

ചട്ടപ്രകാരം ടിയാളെ 22.12.2025-ൽ അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. ഹിയറിംഗ് വേളയിൽ, കരാറുകാരന്റെയും സെക്രട്ടറിയുടെയും കൂട്ടുകെട്ടിന്റെ ഭാഗമായി ഒരാൾ മാത്രമാണ് രേഖാമൂലം പരാതി ഉന്നയിച്ചതെന്നും കൂടാതെ 15-05-20-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ടിയാൾ മോശമായി പെരുമാറി എന്ന ഒരു അജണ്ട പഞ്ചായത്ത് പ്രസിഡൻറ് ഏകപക്ഷീയമായി അടിയന്തിര കമ്മിറ്റിയിൽ വെക്കുകയും എന്നാൽ ഈ ആരോപണം അടിസ്ഥാനരഹിതമായതിനാൽ അംഗങ്ങൾ ആരും തന്നെ അംഗീകരിക്കാതിരിക്കുകയും യോഗത്തിൽ അജണ്ട നിരസിക്കുകയാണ് ഉണ്ടായതെന്നും അളവുകൾ രേഖപ്പെടുത്തുവാൻ കാലതാമസം വരുത്തിയിട്ടില്ലായെന്നും പ്രവൃത്തികളുടെ ബില്ലുകൾ കരാറുകാരൻ അംഗികരിക്കുന്നതിന് വിസമ്മതിക്കുന്നതാണ് ബിൽ തയാറാക്കുന്നതിന് തടസ്സമെന്നും ടിയാൾ അറിയിച്ചിരുന്നു. കൂടെ ജോലി ചെയ്യുന്നവരോടും, ജനപ്രതിനിധികളോടുമുള്ള ശ്രീമതി ഉമ റ്റി.എൻ.-ന്റെ പെരുമാറ്റരീതി കാരണമാണ് ഇത്തരത്തിൽ പരാതിയ്ക്ക് ഇടയായതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ നിന്നും ഹാജരായ ഉദ്യോഗസ്ഥർ അറിയിച്ചു..

പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്, ശ്രീമതി ഉമ റ്റി.എൻ. സമർപ്പിച്ച പ്രതിവാദ പത്രിക, ഔപചാരിക അന്വേഷണ റിപ്പോർട്ട്, നേരിൽകേട്ട വേളയിലെ വാദഗതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തികവർഷത്തിലെ Expenditure report പ്രകാരം, അസി.എഞ്ചിനീയർ നിർവഹണ

ഉദ്യോഗസ്ഥയായിട്ടുള്ള 81 പുതിയ പ്രൊജക്ടുകളും, 38 സ്പിൽ ഓവർ പ്രൊജക്ടുകളും അടക്കം മൊത്തം 115 പ്രൊജക്ടുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 51 പ്രൊജക്ടുകൾക്ക് ടി സാമ്പത്തിക വർഷത്തിൽ തന്നെ ശ്രീമതി ഉമ ടി.എൻ. തുക ചെലവഴിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്രസ്തുത സാമ്പത്തികവർഷത്തെ ഒട്ടാകെയുള്ള ചെലവ് ശതമാനം 33.19% ആണ്. 2019-20 സാമ്പത്തികവർഷത്തിൽ ഉൾപ്പെട്ട ആകെ 119 പ്രവൃത്തികളിൽ 36 സ്പിൽ ഓവർ പ്രവൃത്തികളും, 54 പുതിയ പ്രവൃത്തികളും പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. 2 സ്പിൽ ഓവർ പ്രവൃത്തികളും, 8 പുതിയ പ്രവൃത്തികളും ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. ശ്രീമതി ഉമ ടി.എൻ. എലവഞ്ചേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറായി ചുമതലയേറ്റ 01.08.2019 മുതൽ 2019-20 സാമ്പത്തിക വർഷാവസാനം വരെയുള്ള കാലയളവിൽ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ 2020 ഫെബ്രുവരി മാസം മുതൽ നിലവിൽ വന്ന കോവിഡ് ലോക്ക് ഡൗൺ സാഹചര്യം കൂടി പരിഗണിച്ച് സാധ്യമായ നടപടികൾ സ്വീകരിച്ചതായും മന:പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലയെന്നും കാണുന്നു. ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും, കാലതാമസം വരുത്താതെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനും ഭരണസമിതിയുമായി രമ്യതയിൽ പ്രവൃത്തിക്കുന്നതിനും, ടിയാൾക്ക് സാധിക്കാതെ പോയതാണ് പരാതിയ്ക്ക് ഇടയായ സാഹചര്യം സംജാതമാക്കിയത്. ഇക്കാര്യത്തിൽ ടിയാളുടെ ഭാഗത്ത് അപാകതയുണ്ട്. മേൽ സാഹചര്യത്തിൽ, എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാതിയിൽ ടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീമതി ഉമ റ്റി.എൻ.-നെതിരെ KCS(CC&A)ചട്ടങ്ങൾ 1960-ലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിൽ, നിലവിലെ പരാതിയ്ക്കിടയാക്കിയതു പോലെയുള്ള അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കുവാൻ ജാഗ്രത പാലിയ്ക്കണമെന്ന് അതേ ചട്ടങ്ങളിലെ **ചട്ടം 11(1)(i)** പ്രകാരം **ശാസന (Censure) നല്കി** അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1) ശ്രീമതി ഉമ റ്റി.എൻ. (PEN:694082), നിലവിൽ അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടി സ്വീകരിയ്ക്കുന്നതിനായി)**
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4) തദ്ദേശ സ്വയംഭരണ(EWB)വകുപ്പ്. **(DPC List സംബന്ധിച്ച നടപടിയ്ക്കായി)**
5) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6) കരുതൽ ഫയൽ /ഓഫിസ് പകർപ്പ്( EWA4/244/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 17-04-2026 16:05:25
സെക്ഷൻ ഓഫീസർ